# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 520** **28.02.2017-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ**

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രി കളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 'എ' ആയി ചേർക്കുന്നു. |
| (ബി) | ഈ ആശുപത്രികൾക്ക് രോഗികളെ ചികിത്സിച്ച ഇനത്തിൽ എത്ര തുകയാണ് നൽകുവാനുള്ളത്; അവയുടെ ജില്ല തിരിച്ചുള്ള പട്ടികയും തുകയും ലഭ്യമാക്കാമോ; | (ബി) | സ്വകാര്യ ആശുപത്രികൾക്ക് 25,67,06,225/- (ഇരുപത്തിയഞ്ച്കോടി അറുപത്തിയേഴ് ലക്ഷത്തി ആറായിരത്തി ഇരുനൂറ്റി ഇരുപത്തിയഞ്ച്) രൂപ നൽകുവാനുണ്ട്. ജില്ല തിരിച്ചുള്ള പട്ടികയും തുകയും അനുബന്ധം 'ബി' ആയി ചേർക്കുന്നു. |
| (സി) | കാരുണ്യയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ കാരുണ്യ ബനവലന്റ് പദ്ധതിയുടെ അപേക്ഷയിൽ നടപടി സ്വീകരിക്കാതിരിക്കുകയും രോഗികളുടെ സൗജന്യ ചികിത്സ നിഷേധിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| (ഡി) | കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ സ്വകാര്യ ആശുപത്രികളിലും രണ്ടുലക്ഷം രൂപ വരെ ചികിത്സാ സൗജന്യം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളിൽ ചികിത്സാ പാക്കേജ് അനുസരിച്ചാണ് ചികിത്സ നടത്തുന്നത്. 2 ലക്ഷം രൂപവരെ ചികിത്സാ തുക ആവശ്യമായ അവസരത്തിൽ ടി തുക നൽകുമ്പോൾ ചികിത്സാ സൗജന്യം നൽകുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട് ബില്ലുകളുടേയും ചികിത്സാ രേഖകളുടേയും അടിസ്ഥാനത്തിൽ മാത്രമെ തുക സ്വകാര്യ ആശുപത്രി കൾക്ക് നൽകുകയുള്ളു. |
| (ഇ) | എങ്കിൽ ജില്ലകൾ തോറും പരിശോധിക്കുന്നതിനായി മോണിട്ടറിംഗ് സമിതികളെ ചുമതലപ്പെടുത്തുന്നതിനും അവയുടെ നേതൃത്വത്തിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

Jayesh

**സെക്ഷൻ ഓഫീസർ.**